**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **15-03-2022 - ൽ മറുപടിയ്ക്ക്**

**അടിയന്തര മൃഗചികിത്സാ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും രാത്രി സമയങ്ങളിൽ അടിയന്തര മൃഗചികിത്സ നൽകുന്നതിനായും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനായും രൂപികരിക്കുവാൻ തീരുമാനിച്ച പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലായെന്ന് വിശദമാക്കാമോ; എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായെന്നുള്ള കണക്ക് നൽകാമോ; ആയതിന് എത്ര രൂപ ചെലവായെന്ന് വിശദമാക്കാമോ? | (എ) | മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും മൃഗാശുപത്രികളുടെ പ്രവർത്തന സമയ ശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനുമായി രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി ലക്ഷ്യമിടുന്നു. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക. അടിയന്തിര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തിര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നുണ്ട്. കർഷകരുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കുവാൻ തുക അനുവദിക്കുന്നുണ്ട്. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം, കൂടാതെ പൊതുജനങ്ങളുടെ പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് 2021-22 ൽ ഏകദേശം 88130 കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്. ഈ പദ്ധതിയിൽ ഈ സാമ്പത്തികവർഷം ഇതുവരെ 5,26,66,367/- രൂപ ചെലവായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പ്രാദേശിക അടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ ജില്ലകളിൽ ഓരോ ടെലി വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2.2 കോടി രൂപ അനുവദിക്കുകയും, വെറ്ററിനറി സർജൻ, |

| | | | |
|---|---|---|---|
| | | | റേഡിയോഗ്രാഫർ, ഡ്രൈവർ എന്നിവരെ താൽക്കാലിക ജീവനക്കാരായി നിയോഗിച്ച് പദ്ധതി വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആധുനിക ഉപകരണങ്ങളായ പോർട്ടബിൾ എക്സ് റേ യൂണിറ്റ്, ടെലി മെഡിസിൻ സോഫ്റ്റ്‌വെയർ, വീണുപോയ കന്നുകാലികളെ ഉയർത്തുന്നതിനുള്ള ക്രയിൻ സംവിധാനം തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. ആധുനിക ഡയഗ്നോസ്റ്റിക്ക് ലാബ് സൗകര്യങ്ങളോടെ മൃഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുവാനും, അത്യാസന്ന ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ ചികിത്സാസേവനം ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. കർഷക ഭവനങ്ങൾ ഉൾപ്പെടെയുള്ള ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മൃഗ ചികിത്സ ലഭ്യമാക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ